പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4945

06-02-2014 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും.

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ് സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് വിശദമാക്കുമോ; | എ) | സർക്കാരിന്റെ പരിപാടികളും ജനക്ഷേമപ്രവർത്തനങ്ങളും ഇടനിലക്കാരില്ലാതെ നേരിട്ടു ജനങ്ങളിലെത്തിക്കുന്നതിനും ജനങ്ങളുടെ പരാതികൾ സർക്കാരിനെ നേരിട്ടു അറിയിക്കുന്നതിനും വെബ്സൈറ്റിന്റെ പ്രവർത്തനം ലക്ഷ്യമിടുന്നു.<br><br>ജനങ്ങൾക്കുള്ള പരാതികൾ, ആവലാതികൾ, എന്നിവ സുതാര്യ കേരളം പരിപാടി മുഖേനയുള്ളതോ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്കുള്ളവയോ, ജനസമ്പർക്ക പരിപാടി മുഖേനയുള്ളതോ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. |
| എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | പരാതികൾ സമർപ്പിക്കുന്നതിന് ഓൺലൈൻ സൗകര്യം, പരാതിയുടെ സ്ഥിതി അറിയുന്നതിനുള്ള സൗകര്യം, മുഖ്യമന്ത്രിയുടെ ചേമ്പറിന്റെ പ്രവർത്തനം തത്സമയം കാണാനുള്ള സൗകര്യം, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള വാർത്താകുറിപ്പുകൾ, ക്യാബിനറ്റ് ബ്രീഫിംഗ് (ആഡിയോ, വീഡിയോ), മുഖ്യമന്ത്രിയുടെ പ്രസംഗം (പബ്ലിക് ക്യാബിനറ്റ്), മുഖ്യമന്ത്രി എഴുതിയ ലേഖനങ്ങൾ തുടങ്ങിയ വിവരങ്ങൾ ലഭിക്കും. |
| പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഉണ്ട്. 2012 ലെ വെബ് രത്ന അവാർഡ് ലഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കമ്മ്യൂണിക്കേഷൻ & ഐ.റ്റി വകുപ്പാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്. വിശദാംശങ്ങൾ വ്യക്തമാക്കാമേ? | ഡി) | ജനങ്ങൾക്കായുള്ള സേവനം/വിവരങ്ങൾ (ഇൻഫർമേഷൻ) നൂതന വിവര സാങ്കേതിക വിദ്യയിലൂടെ ജനങ്ങൾക്കെത്തിക്കുന്നതിനാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ